CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ആരാധനാഗാനങ്ങൾ

ആരാധനാദിവസങ്ങളിലും പരി
ശുദ്ധകുർബാനയുടെ പ്രദക്ഷിണ
സമയത്തും പാടാവുന്ന ഏതാനും
ഗാനങ്ങൾ

ഫാദർ ആബേൽ, സി. എം. ഐ.

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ആരാധനാഗാനങ്ങൾ

ആരാധനാദിവസങ്ങളിലും പരി
ശുദ്ധകുർബാനയുടെ പ്രദക്ഷിണ
സമയത്തും പാടാവുന്ന ഏതാനും
ഗാനങ്ങൾ

Rights reserved

FR. ABEL, C. M. I.

എറണാകുളം
25—4—1971

25 പൈസ

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ആരാധനാഗാനങ്ങൾ

## 1. എഴുന്നള്ളുന്നു

എഴുന്നള്ളുന്നു, രാജാവെഴുന്നള്ളുന്നു,
നാകലോകനാഥനീശോ എഴുന്നള്ളുന്നു,
മാനവർക്കു വരംതൂകിയെഴുന്നള്ളുന്നു

എഴുന്നള്ളുന്നു....

ബേസ്ലഹേമിൽ വന്നുദിച്ചോരു കനകതാരം
യൂദയായിൽ കതിരുവീശിയ പരമദീപം
ഉന്നതത്തിൽ നിന്നിറങ്ങിയ ദിവ്യഭോജ്യം
മന്നിടത്തിനു ജീവനേകിയ സ്വർഗ്ഗഭോജ്യം.

എഴുന്നള്ളുന്നു....

കാനായിൽ വെള്ളം വീഞ്ഞാക്കിയവൻ
കടലിന്റെമീതേ നടന്നുപോയവൻ
മൃതിയടഞ്ഞ മാനവർക്കു ജീവനേകി;
മനമിടിഞ്ഞ രോഗികൾക്കു സൗഖ്യമേകി.

എഴുന്നള്ളുന്നു....

വഴികളേ, പുതിയ മലരുകളണിഞ്ഞീടുവിൻ
മനുജരേ, മഹിതഗീതികൾപൊഴിഞ്ഞീടുവിൻ
വൈരവും പകയുമെല്ലാം മറന്നീടുവിൻ
സാദരം കൈകൾകോർത്തു നിരന്നീടുവിൻ.

എഴുന്നള്ളുന്നു...

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



## 2. വിണ്ണിൻ കവാടമേ

വിണ്ണിൻ കവാടമേ, തുറക്കുവിൻ;
മാലാഖമാരേ, നിരക്കുവിൻ;
രാജാവിൻ വരവിനായി വഴികൾ തീർക്കുവിൻ
തിരുമുമ്പിൽ കാഴ്ചവയ്ക്കാൻ മലരുകോർക്കുവിൻ.

വിണ്ണിൻ...

നിറമിയന്ന പുതിയപൂക്കൾ വിരിയുന്നു,
പരിമളത്തിൻ കതിരുപൊങ്ങിപ്പടരുന്നു:
മരുഭൂമിയിലുറവപൊട്ടിയൊഴുകുന്ന
ധരയാകെപ്പരമജീവനുണരുന്നു.

വിണ്ണിൻ...

പച്ചപ്പുൽത്തകിടികൾ നൃത്തമാടി;
മൈതാനനിരകൾ ചേർന്നു പാട്ടുപാടി;
സ്വർല്ലോകം വിട്ടുവന്ന തമ്പുരാനെ
വന്ദിച്ചു വിനയമോടു വാഴ്ത്തീടുന്നു.

വിണ്ണിൻ...

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



## 3. മൂന്നു ബാലന്മാരുടെ കീർത്തനം

അവനീപതിയാമഖിലേശ്വരനെ
വാഴ്ത്തിപ്പാടുവിനാദരവോടേ
അവനീ....

നീലാകാശം തിങ്ങിപ്പുലരും
നീർത്തുള്ളികളേ, ദൂതന്മാരേ,
കർത്താവിൻ തിരുസൈനികനിരയും
സൂര്യൻ ചന്ദ്രൻ താരാഗണവും.
അവനീ...

കാറേറ, കടലേ, കാട്ടാറുകളേ
കനലേ, കരയിൽ പൊരിയും വെയിലേ,
കാട്ടും മേട്ടും മേഘാവലിയും
തോട്ടം പുഴയും പുൽത്തോപ്പുകളും
അവനീ...

കനകംപൊഴിയും പുലരിയുമഴകിൻ
കതിരൊളിചിന്നും സായന്തനവും
തളിരും മലരും മലർവാടികളും
മലയും മധുവും മാങ്കാവുകളും
അവനീ...

തിരമാലകളേ, ജലജീവികളേ,
പുഞ്ചിരിതൂകും പൂഞ്ചോലകളേ,
മഴയും മഞ്ഞും മാമലനിരയും
മലരുകൾതിങ്ങും മഞ്ഞണിവയലും.
അവനീ...

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



## 4. മഹേശ്വരാ

മഹേശ്വരാ, നിൻസുദിനം കാണാൻ
കഴിഞ്ഞ കണ്ണിനു സൗഭാഗ്യം;
മനോജ്ഞമാം നിൻഗീതികൾ പാടാൻ
കഴിഞ്ഞ നാവിനു സൗഭാഗ്യം
മഹേശ്വരാ...

നൂറു നൂറു കണ്ണുകൾ പണ്ടേ
അടഞ്ഞു നിന്നെക്കാണാതെ;
നൂറു നൂറു മലരുകൾ പണ്ടേ
കൊഴിഞ്ഞുപോയി കണ്ണീരിൽ
മഹേശ്വരാ...

ദൈവജാതൻ പിറന്ന മണ്ണിൽ
വിരിഞ്ഞ മർത്ത്യനു സൗഭാഗ്യം
മിന്നിനിൽപ്പൂ താരകൾ വിണ്ണിൽ
തെളിഞ്ഞുകാണ്മൂ സ്വർല്ലോകം
മഹേശ്വരാ...

---

## 5. ഓശാന

ദൈവത്തിൻ നാമത്തിൽ
വന്നവനെ വാഴ്ത്തിടുവിൻ
ഓശാന, ഓശാന, ഓശാന.
ദൈവത്തിൻ...

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



കനകപ്പൂങ്കതിരുകൾവീശി
കനിവോലും പുഞ്ചിരിതൂകി
മേഘത്തേരേറിവരുന്നു രക്ഷകനീശോ.

ദൈവത്തിൻ...

ദൈവത്തിൻ വത്സലപുത്രൻ
ദാവീദിൻ നിർമ്മലതനയൻ
ഉന്നതനാം രാജമഹേശൻ മിശിഹാനാഥൻ.

ദൈവത്തിൻ....

പരിശുദ്ധൻ ദൈവകുമാരാ,
ബലവാനാം നിത്യകുമാരാ,
ഭൂലോകംനിൻ കതിരൊളിയാൽ
നിറഞ്ഞുനില്പൂ.

ദൈവത്തിൻ....

---

## 6. വരുന്നു

വരുന്നു മംഗളസന്ദേശവുമായ്
വരുന്നു ദൈവസുതൻ
കുളിർമ്മയരുളും സുവിശേഷവുമായ്
വരുന്നു ദൈവസുതൻ.

വരുന്നു...

കൈത്തിരിയിരുളിൽത്തെളിച്ചുകാട്ടാൻ
വരുന്നു ദൈവസുതൻ.
കരളിൽ പരിമള മലരുകൾ ചാർത്താൻ
വരുന്നു ദൈവസുതൻ.

വരുന്നു...

christianmusicologicalsocietyofindia

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കൊട്ടംനിരാശയിലമന്ന ഭൂവിനു
നിറംപകന്നിട്ടുവാൻ
തകന്ന മാനസവീണയിലത്ഭുത-
ഗാനമുണത്തിട്ടുവാൻ.

വരുന്നു...

---

## 7. ലുത്തനിയ

കത്താവേ, കനിയണമേ
മിശിഹായേ, കനിയണമേ,
കത്താവേ, ഞങ്ങളുണസ്സും
പ്രാർത്ഥന സദയം കേൾക്കണമേ.

സ്വർഗ്ഗപിതാവാം സകലേശാ,
ദിവ്യാനുഗ്രഹമേകണമേ,
നരരക്ഷകനാം മിശിഹായേ,
ദിവ്യാനുഗ്രഹമേകണമേ.

ദൈവാത്മാവാം സകലേശാ.
ദിവ്യാനുഗ്രഹമേകണമേ;
പരിപാവനമാം ത്രിത്വമേ,
ദിവ്യാനുഗ്രഹമേകണമേ.

നൃപനാം മിശിഹാ കത്താവേ,
നിത്യപിതാവിൻ പ്രിയസൂനോ.
മർത്ത്യകുലത്തിൻ രക്ഷകനേ,
ദിവ്യാനുഗ്രഹമേകണമേ.

christianmusicologicalsocietyofindia

CHRISTIAN MUSICOLOGICAL SOCIETY OF INDIA

നരനുടെ നിലവിളി കേട്ടവനേ,
നരനെത്തേടിയണഞ്ഞവനേ,
കനിവുനിറഞ്ഞൊരു നല്ലിടയാ,
ദിവ്യാനുഗ്രഹമേകണമേ.

മർത്ത്യശരീരമെടുത്തവനേ,
മർദ്ദനമേററു മരിച്ചവനേ,
മഹിമയിൽ വീണ്ടുമുയിർത്തവനേ,
ദിവ്യാനുഗ്രഹമേകണമേ.

പാപം പൂട്ടിയ നാകത്തിൻ
പാവനവാതിൽ തുറന്നവനേ,
മാനവനാശപകന്നവനേ,
ദിവ്യാനുഗ്രഹമേകണമേ.

അദ്ധ്വാനിച്ചു വലഞ്ഞവനും
ഭാരമെടുത്തു കുഴഞ്ഞവനും
സാന്ത്വനമരുളിയ ഗുരുനാഥാ,
ദിവ്യാനുഗ്രഹമേകണമേ.

മർത്ത്യനു നേർവഴി കാട്ടിടുവാൻ–
അത്തലകററിനയിച്ചിടുവാൻ
കൂരിരുൾനീക്കിയുദിച്ചവനേ,
ദിവ്യാനുഗ്രഹമേകണമേ.

പുതിയൊരു കല്പന നല്കിടുവാൻ
പുതിയൊരു ജീവനുണർത്തിടുവാ.
ധരണിയിൽ വന്നുപിറന്നവനേ,
ദിവ്യാനുഗ്രഹമേകണമേ.

christianmusicologicalsocietyofindia

CHRISTIAN MUSICOLOGICAL SOCIETY OF INDIA



ദിവ്യശരീരം ഭോജനമായ്
മാനവനേകിയ ദൈവസുതാ,
കരുണാനിധിയാം കർത്താവേ,
ദിവ്യാനുഗ്രഹമേകണമേ.

വിനയത്തിൻ തിരുദർപ്പണമേ,
ശാന്തഗുണത്തിൻ പാർപ്പിടമേ,
ദുഃഖിതനുഴിയിലാശ്രയമേ,
ദിവ്യാനുഗ്രഹമേകണമേ.

---

## 8. ദീപമേ

ദീപമേ, ദീപമേ,
കൂരിരുൾ നീക്കും പ്രകാശമേ.

ദീപമേ...

അന്ധകാരം നീക്കുവാനായ്
സ്വർഗ്ഗമാർഗ്ഗം കാട്ടുവാനായ്
വാനിടത്തിൽ വന്നുദിച്ച
ദിവ്യദീപം—ദീപം, ദീപം, ദിവ്യദീപം
ഭുവിനാശനല്കിടുന്ന നിത്യദീപം
ദീപം ദീപം ദിവ്യദീപം.

ദീപമേ...

നിൻകരങ്ങൾ വീശിടുമ്പോൾ
നിൻവരങ്ങൾ തൂകിടുമ്പോൾ
ചക്രവാള സീമകൾ
തെളിഞ്ഞിടുന്നു—ദീപം, ദീപം, ദിവ്യദീപം
താണടിഞ്ഞ കണ്ണുകൾ തെളിഞ്ഞിടുന്നു,
ദീപം, ദീപം, ദിവ്യദീപം.

ദീപമേ...

christianmusicologicalsocietyofindia

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## 9. നേരം മങ്ങിമയങ്ങുന്നു

നേരം മങ്ങിമയങ്ങുന്നു;
കൂരിരുളൂഴിയിൽ നിറയുന്നു;
കർത്താവേ, നീ പോകരുതേ.
കരുണയൊടെന്നിൽ വാഴണമേ.

നേരം...

നിൻതിരുവാണികളുന്നതമാം
ചിന്തകളെന്നിലുണർത്തുന്നു;
മംഗളകാന്തി പരത്തുന്നു;
ഹൃദയം പൂരിതമാക്കുന്നു.

നേരം...

നിൻതിരുസന്നിധിയണയുമ്പോൾ
ആകുലചിന്തകളകലുന്നു;
നിൻതിരുഗീതികൾ പാടുമ്പോൾ
സങ്കടമാകെ മറക്കുന്നു.

നേരം...

വേദനതിങ്ങിയ ഭവനങ്ങൾ
വീണുനുറുങ്ങിയ ഹൃദയങ്ങൾ
ദാരുണമരണവിലാപങ്ങൾ
നിറയും പോക്കളമീയുലകം

നേരം...

---

christianmusicologicalsocietyofindia

CHRISTIAN MUSICOLOGICAL SOCIETY OF INDIA



## 10. നിത്യാനന്ദസ്വരൂപാ

നിത്യാനന്ദസ്വരൂപാ, നിൻ
സൃഷ്ടികളൊന്നായ് ച്ചേർന്നാലും
നിസ്തുലമങ്ങേ അപദാനം
വാഴ്ത്തിപ്പാടാനെളുതല്ല.

നിത്യാനന്ദ....

ജനനംമുതലേ മർത്ത്യനു നീ
ചെയ്തൊരു നന്മയ്ക്കളവില്ല;
കരിമുകിൽമൂടിയ കരളിൽ നീ
കനകവിളക്കു തെളിച്ചല്ലോ.

നിത്യാനന്ദ....

മാലാഖാമാരണിയണിയായ്
പാടിനമിച്ചു പുകഴ്ത്തുന്നു:
"പരിശുദ്ധൻ, നീ പരിശുദ്ധൻ
നിത്യനമർത്ത്യൻ പരിശുദ്ധൻ.

നിത്യാനന്ദ....

---

## 11. സ്തോത്രഗീതം

ദൈവമേ, നിന്നെ ഞങ്ങൾ വാഴ്ത്തിടുന്നു.
നിൻദിവ്യകീർത്തനങ്ങൾ പാടിടുന്നു;
നിൻകൃപാദാനങ്ങളോർത്തു ഞങ്ങൾ
നന്ദിയോടേ നിൻപദങ്ങൾ കുമ്പിടുന്നു.

ദൈവമേ...

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

കനിവിയന്നു ഞങ്ങൾക്കു ജന്മമേകി;
കുരിശിനാലാത്മാവിലാശരുകി;
താണടിഞ്ഞ മാനസങ്ങളാഞ്ഞുയന്നു;
വാനലോകസൗഭഗം പുണന്നുയന്നു.

ദൈവമേ....

മാലാഖമാരും മനുഷ്യരും നിൻ
കീർത്തനങ്ങൾ പാടുന്നു മോദമോടേ;
സവ്വജീവജാലവും പുകഴ്ത്തിടുന്നു;
വിനയമോടേനിൻപാദം നമിച്ചിടുന്നു.

ദൈവമേ....

---

## 12. കർത്താവിൻതിരുഭവനത്തിൽ

(സങ്കീ. 150)

കർത്താവിൻ തിരുഭവനത്തിൽ
നാഥനെ വാഴ്ത്തിപ്പാടിടുവിൻ
ദ്യോവിൻ കനകപ്പൂങ്കാവിൽ
നാഥനു ഗാനമുതിർത്തിടുവിൻ.

കർത്താവിൻ....

ദൈവികശക്തിക്കനുഗുണമായ്
പരിചൊടുനാഥനെ വാഴ്ത്തിടുവിൻ;
മാഹാത്മ്യത്തിന്നിണങ്ങിയപോൽ
പാടിപ്പാടി നമിച്ചിടുവിൻ

കർത്താവിൻ....

christianmusicologicalsocietyofindia

CHRISTIAN MUSICOLOGICAL SOCIETY OF INDIA

കാഹളനാദമുയർത്തിടുവിൻ
മധുമയവീണകൾ മീട്ടിടുവിൻ;
കിന്നരമോഹനഗീതികളാൽ
നാഥനെ വാഴ്ത്തിപ്പാടിടുവിൻ.

കർത്താവിൻ....

മദ്ദളനിരയാൽ, തപ്പുകളാൽ
ഇമ്പമെഴും സ്വരതന്ത്രികളാൽ
താളമിണങ്ങിയ മേളമൊടേ
നാഥനെ നിത്യം വാഴ്ത്തിടുവിൻ.

കർത്താവിൻ....

---

## 13. മാലാഖമാരുടെയപ്പം

മാലാഖമാരുടെയപ്പം
സ്വർഗ്ഗീയജീവൻെറയപ്പം
കാരുണ്യവാനായ ദൈവം
മാനവലോകത്തിനേകി.

മാലാഖ....

സർവ്വേശനാദം മുഴങ്ങി
മേഘങ്ങളെല്ലാമിറങ്ങി;
ആകാശവാതിൽ തുറന്നു
സ്വർഗ്ഗീയമന്നാ പൊഴിഞ്ഞു.

മാലാഖ...

പാറകൾ പൊട്ടിപ്പിളന്നു,
നീർച്ചാലതിൽനിന്നുണന്നു;
മരുവിൽത്തടാകം വിരിഞ്ഞു;
പുതുപൂക്കളെങ്ങും നിറഞ്ഞു.

മാലാഖ...

---

christianmusicologicalsocietyofindia

CHRISTIAN MUSICOLOGICAL SOCIETY OF INDIA

## 14. അഗാധത്തിൽനിന്നു്

(സങ്കീ. 129)

അഗാധത്തിൽനിന്നുനിന്നെ വിളിക്കുന്നു ഞാൻ
ദൈവമേ, എൻ പ്രാർത്ഥന കേൾക്കേണമേ.
പാപിയാം എൻ പ്രാർത്ഥന കേൾക്കേണമേ.
അഗാധ....

പാപങ്ങളെല്ലാം നീയോർത്തിരുന്നാൽ
ദൈവമേ, രക്ഷഭൂമിയിലാരുനേടും?
കാരുണ്യവാരിധിയാം ലോകനാഥാ,
നിന്നിലാണെന്നുമെൻ പ്രതീക്ഷയെല്ലാം.
അഗാധ....

പുലരികാത്തുകാത്തുവാഴും കാവലാൾപോലെ
അനുദിനം ഞങ്ങൾ നിന്നെക്കാത്തിരിക്കുന്നു;
നീയാണു പാപമോചനമേകിടുന്നു,
തിന്മയിൽ വീഴാതെ പാലിക്കുന്നു.
അഗാധ....

## 15. ദൈവമേ

(സ്തോത്രഗീതം)

ദൈവമേ, നിൻ ദിവ്യദാനങ്ങൾക്കായ്
നന്ദിയോടേ ഞങ്ങൾ നിന്നെ വാഴ്ത്തീടുന്നു.
ദൈവമേ...

അപകടങ്ങളിൽ വീഴാതെ
വീണുപോയാൽ താഴാതെ
അനുദിനം ഞങ്ങളെ നീ
കാത്തുപോന്നല്ലോ.

ദൈവമേ....

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



പാപത്തിൻവഴിയിലും
ശോകത്തിൻ ചുഴിയിലും
തൃക്കരങ്ങൾ നീട്ടി ഞങ്ങൾ-
ക്കാശ്രയം നൽകി.

ദൈവമേ....

ആത്മാവിലാശരുകി
അന്നന്നുഭോജ്യമേകി
എന്നുമെന്നും ഞങ്ങളിൽ നീ
വാണിടുന്നല്ലോ.

ദൈവമേ....

---

## 16. നിത്യനായ

നിത്യനായ ദൈവത്തിൻ പുത്രനാണു നീ
ലോകൈകരക്ഷകനാം ക്രിസ്തുവാണു നീ
ഇസ്രയേലിൻ രാജരാജനാണു നീ
ശക്തനായ ദൈവത്തിൻ നിവ്യയാണു നീ.

മൂന്നു കൂടാരങ്ങൾ തീർത്തിടാം ഞാൻ
എന്നുമിവിടെ വാഴ്‌വതെത്ര മോഹനം!
എവിടെ ഞാൻ പോകും ലോകേശാ,
ജീവൻെറ ഉറവിടം നീയല്ലോ.

christianmusicologicalsocietyofindia

CHRISTIAN MUSICOLOGICAL SOCIETY OF INDIA



നിൻ ദിവ്യരാജ്യത്തിലെത്തിടുമ്പോൾ
കരുണയോടെന്നെയും നീയോർക്കണേ:
കുരുടനാണു ഞാൻ രോഗിയാണേ
കരയുവോർക്കാശ്വാസമേകണേ.

---

## 17. ഈശ്വരപ്രാർത്ഥന

നിത്യദൈവമേ, കൈതൊഴുന്നിതാ,
ഞങ്ങൾ നിൻപദം കുമ്പിടുന്നിതാ.

നിത്യദൈവമേ....

സർവ്വലോകനായകാ, ജഗൽപ്രകാശമേ,
നേർവഴിക്കു ഞങ്ങളെ നയിച്ചിടേണമേ;
ഇന്നു ഞങ്ങളേപ്പെട്ടും സദ്ദദ്യമങ്ങളിൽ
സന്തതം കൃപാവരങ്ങൾ ചിന്തിടേണമേ.

നിത്യദൈവമേ....

---

christianmusicologicalsocietyofindia

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

Mar Louis Memorial Press, Ernakulam, Cochin - 11

christianmusicologicalsocietyofindia